സ്മരണ

വി.എ കബീര്‍


ഫതഹീയകന്‍

# ഇസ്‌ലാമിക പ്രജ്ഞയുടെ ഒരു ഇലകൂടി

**എഴുപതുകളുടെ** ആദ്യം *പ്രബോധന*ത്തില്‍ ജോലിക്ക് ചേര്‍ന്ന കാലം. ബൈറൂത്തില്‍നിന്ന് സ്ഥിരമായി ഒരു പ്രസിദ്ധീകരണം വരാറുണ്ടായിരുന്നു, *അശ്ശിഹാബ്* . ടാബ്ലോയിഡ് രൂപത്തില്‍ മേനിക്കടലാസില്‍ ഭംഗിയുള്ള രൂപസംവിധാനത്തോടെ പുറത്തിറങ്ങുന്ന ഒരു ആനുകാലികം. മുസ്‌ലിം ലോകചലനങ്ങളും വൃത്താന്തവിശകലനങ്ങളും ലോക ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ വിശേഷങ്ങളും ഈടുറ്റ ലേഖനങ്ങളും ഒപ്പം 'ഖാല ബൈദുബാ' (വേദവ്യാസന്‍ പറയുന്നു) എന്ന ശീര്‍ഷകത്തില്‍ *കലീല വ ദിംന*യില്‍നിന്നുള്ള കഥകളടക്കമുള്ള കൗതുക കോളങ്ങളുമുള്ള *അശ്ശിഹാബ്* (വാരികയോ ദ്വൈവാരികയോ എന്ന് ഓര്‍ക്കുന്നില്ല) *പ്രബോധനം* നന്നായി പ്രയോജനപ്പെടുത്തിയിരുന്നു. അക്കാലത്ത് തന്നെ *പ്രബോധന*ത്തിലെ ലേഖനങ്ങളെ വിമര്‍ശിച്ചുകൊണ്ട് മിക്കവാറും ആഴ്ചകളില്‍ 'അബൂതുറാബ്' എന്ന പേരില്‍ അറബിയും മലയാളവും കൂട്ടിക്കലര്‍ത്തി ഒരു സുന്നി പണ്ഡിതന്റെ കത്തുകളും വരാറുണ്ടായിരുന്നു. അതിലെ കൗതുകകരമായ വിശേഷം, കത്തുകളുടെ ഒടുവില്‍ എപ്പോഴും അറബിയില്‍ കുറിച്ചിടുന്ന ഒരു വാക്യശകലമായിരുന്നു. *അശ്ശിഹാബില്‍*നിന്നുള്ള തര്‍ജമകള്‍ കൂടുതല്‍ കൊടുക്കണം എന്നായിരുന്നു അതിന്റെ ചുരുക്കം. ആ പ്രസിദ്ധീകരണത്തിന്റെ സ്വാധീനം ഇതില്‍നിന്ന് വ്യക്തമാണല്ലോ. പിന്നീട് *അല്‍മുജ്തമഅ്* എന്ന് പേരു മാറിയ *അശ്ശിഹാബി*ന്റെ പിന്നിലെ ചാലകശക്തിയായിരുന്നു 2009 ജൂണ്‍ 13ന് ജീവിതത്തോടു വിടപറഞ്ഞ ഫതഹീയകന്‍. അതിനും എത്രയോ വര്‍ഷങ്ങള്‍ക്ക് മുമ്പ് അബൂതുറാബും കാലയവനികക്ക് പിന്നില്‍ മറഞ്ഞുകഴിഞ്ഞിരുന്നു. അബൂതുറാബ് തന്റെ അമ്മാവനാണെന്ന വിവരം പിന്നീട് *പ്രബോധനം* പത്രാധിപര്‍ ടി.കെ ഉബൈദ് പറഞ്ഞാണ് അറിയുന്നത്.

**'അല്‍മുതസാഖിത്തൂന അലാ ത്വരീഖിദ്ദഅ്‌വ' എന്ന ശീര്‍ഷകത്തില്‍ പ്രസ്ഥാനയാത്രക്കിടെ വഴിയില്‍ കൊഴിഞ്ഞു വീണവരെ കുറിച്ച് ഒരു കൃതി തന്നെ അദ്ദേഹം എഴുതി. എന്നാല്‍ പില്‍ക്കാലത്ത് സംഘടനാപരമായ അഭിപ്രായഭിന്നതയെ തുടര്‍ന്ന് താന്‍ സ്ഥാപിച്ചു വളര്‍ത്തിയെടുത്ത പ്രസ്ഥാനത്തില്‍നിന്ന് അദ്ദേഹത്തിന് പിരിഞ്ഞുപോരേണ്ടി വന്നു എന്നത് വിധിവിപര്യയമായി അവശേഷിക്കുന്നു.**

അറബ്‌ലോകത്തെ ഇസ്‌ലാമിക പ്രസ്ഥാനത്തില്‍ നിര്‍ണായക സ്വാധീനം ചെലുത്തിയ നേതാവായിരുന്നു ഫതഹീയകന്‍.

ജമാൽ അബ്ദുന്നാസിറിന്റെ ഈജിപ്ഷ്യൻ ഭരണകൂടം തൂക്കിലേറ്റിയ ശഹീദ് സയ്യിദ് ഖുത്ബിന്റെ തൊട്ടടുത്താണ് ഇസ്‌ലാമിക പ്രസ്ഥാന വിഷയത്തിൽ റിസർച്ച് സ്‌കോളറായ ഹുസാം തമാം ഫതഹീയകനെ പ്രതിഷ്ഠിക്കുന്നത്. സയ്യിദ് ഖുത്ബിലേക്കുള്ള ഫീൽഡ് ഗൈഡ് എന്നാണ് ഫതഹീയകന് ഹുസാം നൽകുന്ന വിശേഷണം.


1933ൽ ട്രിപോളിലാണ് ഫതഹീയകന്റെ ജനനം. ഫതഹീ മുഹമ്മദ് ഇനായ എന്ന് പൂർണ നാമം. ഉമ്മ വഴിക്കുള്ള പിതാമഹനുമായി ബന്ധപ്പെട്ടാണ് ഫതഹീയകൻ എന്ന പേരിലറിയപ്പെട്ടത്. ഇലക്ട്രിക്കൽ എഞ്ചിനീയറിംഗായിരുന്നു വിദ്യാഭ്യാസ വിഷയമെങ്കിലും ഇസ്‌ലാമിക പഠനങ്ങളിലും അറബി ഭാഷയിലുമാണ് ഡോക്ടറേറ്റ് നേടിയത്. കഴിഞ്ഞ നൂറ്റാണ്ടിലെ അമ്പതുകളുടെ തുടക്കത്തിലേ ലബനാനിൽ ഇസ്‌ലാമിക പ്രവർത്തനരംഗത്ത് ഫതഹീയകൻ സജീവമായിരുന്നു. അറുപതുകളുടെ ആദ്യത്തിൽ ഇസ്‌ലാമിക പ്രസ്ഥാനത്തിന് അസ്തിവാരമിട്ടത് ഫതഹീയകനായിരുന്നു. ഈജിപ്തിലെ മുസ്‌ലിം ബ്രദർഹുഡ്ഡിന്റെ ലബനീസ് മേഖല ശാഖയായി രൂപീകരിക്കപ്പെട്ട 'അൽ ജമാഅത്തുൽ ഇസ്‌ലാമിയ്യ'യുടെ അമീറായി ഏറെക്കാലം അദ്ദേഹം സേവനമനുഷ്ഠിക്കുകയുണ്ടായി. സിറിയയിൽ ഡോ. മുസ്ത്വഫാ സിബാഇയുടെ നേതൃത്വത്തിലുള്ള ഇഖ്‌വാന്റെ പ്രവർത്തനങ്ങളിൽ ആകൃഷ്ടനായാണ് ഫതഹീയകൻ പ്രസ്ഥാനത്തിലേക്ക് കടന്നുവരുന്നത്. ലബനാനിൽ മാത്രമല്ല, അറബ് ലോകത്തുടനീളം നിറഞ്ഞുനിന്ന ഫതഹീയകൻ മുപ്പത്തഞ്ച് കൃതികളോളം രചിച്ചിട്ടുണ്ട്. അവ ഏതാണ്ട് മുഴുവനുമെന്ന് തന്നെ പറയാം, പ്രസ്ഥാനത്തിന്റെ സിദ്ധാന്തവും പ്രയോഗവും ശിക്ഷണവും പ്രവർത്തന പദ്ധതികളുമായി ബന്ധപ്പെട്ടതാണ്. അദ്ദേഹത്തിന്റെ ചില പുസ്തകങ്ങളുടെ മലയാള പരിഭാഷ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. മുസ്‌ലിം ലോകത്തും പുറത്തുമുള്ള ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ ശിക്ഷണ പരിശീലനങ്ങൾക്ക് മുഖ്യ ആശ്രയമായിരുന്നു ഈ കൃതികൾ. പാർട്ടിയെയും ഇസ്‌ലാമിനെയും സമീകരിച്ചു കാണുന്നത്ര ആത്യന്തികമായി പാർട്ടിയോട് അദ്ദേഹം പ്രതിബദ്ധത പുലർത്തിപ്പോന്നിരുന്നു. അച്ചടക്കത്തിന്റെ ഉരുക്കു മൂശ വാർത്ത് പാർട്ടിക്ക് അദ്ദേഹം കവചം തീർത്തു. വ്യാഖ്യാനഭേദങ്ങളുടെ വീക്ഷണവൈപുല്യത്തിന്റെ സാധ്യതകൾക്കപ്പുറം പാർട്ടിയെ പ്രതിഷ്ഠിക്കുന്നതിൽ അദ്ദേഹം തെറ്റ് കണ്ടില്ല. അഭിപ്രായ വ്യത്യാസത്തെ തുടർന്ന് പാർട്ടി വിട്ടവർക്ക് സഹിഷ്ണുതയുടെ തണൽ നൽകാൻ ഫതഹീയകന്റെ പ്രസ്ഥാന മനസ്സിന് സാധിക്കുമായിരുന്നില്ല. 'അൽമുതസാഖിത്തൂന അലാ ത്വരീഖിദ്ദഅ്‌വ' എന്ന ശീർഷകത്തിൽ പ്രസ്ഥാനയാത്രക്കിടെ വഴിയിൽ കൊഴിഞ്ഞുവീണവരെ കുറിച്ച് ഒരു കൃതി തന്നെ അദ്ദേഹം എഴുതിയതായി കാണാം. എന്നാൽ പിൽക്കാലത്ത് സംഘടനാപരമായ അഭിപ്രായഭിന്നതയെ തുടർന്ന് താൻ സ്ഥാപിച്ചു വളർത്തിയെടുത്ത പ്രസ്ഥാനത്തിൽനിന്ന് അദ്ദേഹത്തിന് പിരിഞ്ഞുപോരേണ്ടിവന്നു എന്നത് വിധിവിപര്യയമായി അവശേഷിക്കുന്നു. അതിന്റെ വിശദാംശങ്ങൾ അദ്ദേഹമോ പ്രസ്ഥാനമോ പുറത്തുവിട്ടിട്ടില്ല. പാർട്ടി കർശനമായി പുലർത്തുന്ന അച്ചടക്കത്തിന്റെയും ആ അച്ചടക്കത്തിലൂടെ വളരുമ്പോൾ സംസിദ്ധമാകുന്ന സംസ്‌കാരത്തിന്റെയും ഭാഗം തന്നെയാണ് അതുമെന്ന് വേണമെങ്കിൽ വിലയിരുത്താം.


പാർട്ടി വിട്ടുവെങ്കിലും ഫതഹീയകൻ പാർട്ടിയുടെ മൗലികാശയങ്ങളിൽനിന്നും സിദ്ധാന്തങ്ങളിൽനിന്നും വ്യതിചലിച്ചില്ല. 1992ൽ ലബനീസ് തെരഞ്ഞെടുപ്പുകാലത്ത് പാർലമെന്ററി പ്രവർത്തനത്തിൽ മുഴുസമയം ചെലവഴിക്കാൻ പാർട്ടി ഭാരവാഹിത്വം അദ്ദേഹം രാജിവെച്ചു. 1996വരെ ലബനീസ് പാർലമെന്റിൽ അംഗമായിരുന്നു ഫതഹീയകൻ. ഈ കാലയളവിൽ പാർലമെന്ററി ജീവിതാനുഭവങ്ങളെ ആസ്പദമാക്കി ഫതഹീയകൻ മൂന്ന് കൃതികൾ രചിക്കുകയുണ്ടായി– 'പാർലമെന്ററി പരീക്ഷണം: തത്ത്വവും പ്രയോഗവും' (അത്തജ്‌രിബത്തുന്നിയാബിയ്യ ബൈനൽ മബ്ദഇ വതത്ബീഖ്), 'മാധ്യമങ്ങളിലെ പാർലമെന്ററി അനുഭവം' (അത്തജ്‌രിബത്തുന്നിയാബിയ്യ അബ്‌റൽ ഇഅ്‌ലാം), 'പാർലമെന്ററി പരീക്ഷണം തൂക്കുതട്ടിൽ (അത്തജ്‌രിബത്തുന്നിയാബിയ്യ ഫിൽ മീസാൻ). 'കാലോചിതമായ ഇസ്‌ലാമിക നവോത്ഥാനത്തിനു വേണ്ടി' (നഹ്‌വ സ്വഹ്‌വതിൻ ഇസ്‌ലാമിയ ഫിൽ മുസ്തവൽ അസ്‌രി) എന്ന കൃതിയിൽ പ്രബോധനപരവും രാഷ്ട്രീയവുമായ ഇസ്‌ലാമിക സംബോധന രീതി കൂട്ടിയിണക്കേണ്ടതിന്റെയും വികസിപ്പിക്കേണ്ടതിന്റെയും പ്രസക്തിയും പ്രാധാന്യവുമാണ് ഫതഹീയകൻ ചർച്ച ചെയ്യുന്നത്.


2005ലെ ലബനീസ് തെരഞ്ഞെടുപ്പ് ബഹിഷ്‌കരിക്കാൻ അൽജമാഅത്തുൽ




**പാർട്ടി വിട്ട് 'ഇസ്‌ലാമിക് ആക്ഷൻ ഫ്രന്റ്' രൂപീകരിച്ച ഫതഹീയകന്റെ രാഷ്ട്രീയ സമീപനങ്ങൾ കൂടുതൽ വിശാലമായ ചട്ടക്കൂടിലേക്ക് വികസിച്ചു. ലബനാൻ രാഷ്ട്രീയത്തിലെ വിഭാഗീയത കൾക്കതീതമായി അദ്ദേഹത്തിന്റെ വ്യക്തിത്വം പുതിയ മാനങ്ങൾ തേടി. അതേവരെ സുന്നീ നേതാവായി അറിയപ്പെട്ടിരുന്ന അദ്ദേഹം ശീഈകൾക്കു കൂടി പ്രിയങ്കരനായി.**






**പാകിസ്താനിലെ വിദ്യാർഥി-യുവജനങ്ങൾ മൗദൂദിയെ സ്നേഹിച്ച പോലെ ലബനാനിലെ യുവജനം ഫതഹീയകനെയും സ്നേഹിച്ചു. യുവാക്കളിൽ വലിയ പ്രതീക്ഷ അർപ്പിച്ചുകൊണ്ടാണ് അദ്ദേഹം ജീവിതത്തോട് വിടപറഞ്ഞത്.**

ഐ.പി.എച്ച് മലയാളത്തിൽ പ്രസിദ്ധീകരിച്ച ഫതഹീയകന്റെ പുസ്തകങ്ങൾ

ഇസ്‌ലാമിയ്യ തീരുമാനിച്ചതോടെയാണ് ഫതഹീയകൻ പാർട്ടിയുമായുള്ള ബന്ധം പൂർണമായും വിഛേദിക്കുന്നത്. ബഹിഷ്കരണത്തിന് ഇസ്‌ലാമിക ദൃഷ്ട്യാ യാതൊരു ന്യായീകരണവുമില്ലെന്ന് ഫതഹീയകൻ പ്രഖ്യാപിച്ചു. ആ തെരഞ്ഞെടുപ്പിൽ ത്വറാബുലസിൽ സ്ഥാനാർഥിയായി നിന്ന തന്റെ അടുത്ത ബന്ധുവിന് അദ്ദേഹം പിന്തുണ നൽകുകയും ചെയ്തു.

പാർട്ടി വിട്ട ഫതഹീയകനെ 2006ൽ നിലവിൽവന്ന 'ഇസ്‌ലാമിക് ആക്ഷൻ ഫ്രന്റി'(ജബ്ഹത്തുൽ അമലിൽ ഇസ്‌ലാമി)ന്റെ നേതൃനിരയിലാണ് പിന്നീട് കാണുന്നത്. ലബനീസ് രാഷ്ട്രീയത്തിൽ നിർണായകവും ശ്രദ്ധേയവുമായ പങ്ക് വഹിക്കാൻ അദ്ദേഹത്തിനു സാധിക്കുകയുണ്ടായി. 2007 ഗ്രീഷ്മത്തിൽ ഉത്തര ലബനാനിലെ നഹ്റുൽ ബാരിദ് ഫലസ്ത്വീനി അഭയാർഥി ക്യാമ്പിൽ ലബനീസ് സേനയും ഫത്ഹുൽ ഇസ്‌ലാം സായുധ ഗ്രൂപ്പും ഏറ്റുമുട്ടിയപ്പോൾ സംഘട്ടനം അവസാനിപ്പിച്ച് സമാധാനം പുനഃസ്ഥാപിക്കുന്നതിൽ ഫതഹീയകൻ നടത്തിയ മധ്യസ്ഥ ശ്രമം നിർണായകമായിരുന്നു.

പാർട്ടി വിട്ട് 'ഇസ്‌ലാമിക് ആക്ഷൻ ഫ്രന്റ്' രൂപീകരിച്ച ഫതഹീയകന്റെ രാഷ്ട്രീയ സമീപനങ്ങൾ കൂടുതൽ വിശാലമായ ചട്ടക്കൂടിലേക്ക് വികസിച്ചു. ലബനാൻ രാഷ്ട്രീയത്തിലെ വിഭാഗീയതകൾക്കതീതമായി അദ്ദേഹത്തിന്റെ വ്യക്തിത്വം പുതിയ മാനങ്ങൾ തേടി. അതേവരെ സുന്നീ നേതാവായി അറിയപ്പെട്ടിരുന്ന അദ്ദേഹം ശീഈകൾക്കു കൂടി പ്രിയങ്കരനായി. ഹിസ്ബുല്ലയിലെ പ്രമുഖ നേതാക്കളും സഅ്ദ് ശഅ്ബാന്റെ 'ഹർകത്തുത്തൗഹീദ്' അടക്കം നിരവധി ഇസ്‌ലാമിക ഗ്രൂപ്പുകളും നേതാക്കളും അടങ്ങുന്ന 'ആക്ഷൻ ഫ്രന്റ്' ലബനാനിലെ ചെറുത്തുനിൽപ് പ്രസ്ഥാനത്തിനു താങ്ങായി വർത്തിച്ചു. സിറിയയോടും ഇറാനോടും അറബ് നാടുകളിലെ ചില ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ പരമ്പരാഗതമായി വെച്ചുപുലർത്തുന്ന കയ്പ് അതിവർത്തിച്ചുകൊണ്ട് ഇസ്രയേലീ -സാമ്രാജ്യത്വശക്തികൾക്കെതിരെയുള്ള ആ രാഷ്ട്രങ്ങളുടെ ഉറച്ച നിലപാടുകളെ തുറന്ന മനസ്സോടെ മാനിക്കാൻ അദ്ദേഹം മുന്നോട്ടുവന്നു. ജുമുഅ പ്രഭാഷണങ്ങളിൽ സുന്നികളെയും ശിഈകളെയും അഭിസംബോധന ചെയ്ത ഫതഹീയകന്റെ പിന്നിൽ ഒന്നിച്ചണിനിരന്ന് അവർ പ്രാർഥിച്ചു. ഈയിടെ നടന്ന ലബനീസ് പൊതുതെരഞ്ഞെടുപ്പിൽ ഹിസ്ബുല്ലയും മിഷേൽ ഔനിന്റെ ക്രിസ്ത്യൻ പാർട്ടിയായ 'ഫ്രീ പാട്രിയറ്റ് മൂവ്മെന്റും' ചേർന്ന് രൂപപ്പെടുത്തിയ *മാർച്ച് 8* സഖ്യത്തെയാണ് ഫതഹീയകൻ പിന്തുണച്ചതെന്നതും സ്മരണീയമാണ്.

ക്രൈസ്തവരടക്കം ലബനീസ് ജനതയിലെ എല്ലാ വിഭാഗങ്ങളുമായും ഉറ്റ സൗഹൃദബന്ധം സ്ഥാപിക്കാൻ ഫതഹീയകൻ താൽപര്യം കാണിക്കുകയുണ്ടായി. അത് പ്രബോധനപരമായ താൽപര്യത്തിന്റെ ഭാഗം കൂടിയായാണ് അദ്ദേഹം കണ്ടത്. ഒരു ക്രൈസ്തവ നേതാവിന്റെ ചരമത്തിൽ അനുശോചിക്കാൻ കൂടിയ യോഗത്തിൽ പങ്കെടുത്തത് അദ്ദേഹം തന്നെ അനുസ്മരിക്കുന്നുണ്ട്. ആ നേതാവിന്റെ ജീവിതവും സംഭാവനകളും മനസ്സിൽ അടുക്കിവെച്ച് മുന്നൊരുക്കത്തോടെയാണ് അദ്ദേഹം അതിൽ പങ്കെടുത്തത്. ഫതഹീയകന്റെ പ്രസംഗം സദസ്സിലും പരേതന്റെ കുടുംബത്തിലും വലിയ മതിപ്പുളവാക്കി.

അവസാനകാലത്ത് താനും ഭാര്യ മുനാ ഹദ്ദാദും (ഇസ്‌ലാമിക പ്രസ്ഥാനത്തിൽ സ്ത്രീകളെ സംഘടിപ്പിക്കുന്നതിൽ മുഖ്യപങ്ക് വഹിച്ച വിദുഷിയാണ് മുന) കൂടി സ്ഥാപിച്ച ജിനാൻ യൂനിവേഴ്സിറ്റിയിലാണ് ഫതഹീയകന്റെ പ്രവർത്തനങ്ങൾ കേന്ദ്രീകരിച്ചത്. ഒരു ആൺകുട്ടിയും നാല് പെൺകുട്ടികളും 19 പേരക്കിടാങ്ങളുമുള്ള യകന് പ്രസ്ഥാനത്തിലെ യുവജനങ്ങളൊക്കെ സ്വന്തം മക്കൾ തന്നെയായിരുന്നു. അത്രക്ക് ദൃഢമായ ആത്മബന്ധമായിരുന്നു യുവജനങ്ങളും അദ്ദേഹവും തമ്മിൽ. പാകിസ്താനിലെ വിദ്യാർഥി-യുവജനങ്ങൾ മൗദൂദിയെസ്നേഹിച്ച പോലെ ലബനാനിലെ യുവജനം ഫതഹീയകനെയും സ്നേഹിച്ചു. യുവാക്കളിൽ വലിയ പ്രതീക്ഷ അർപ്പിച്ചുകൊണ്ടാണ് അദ്ദേഹം ജീവിതത്തോട് വിടപറഞ്ഞത്. ■